# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം.ജി.പി.6/948/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/07/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം.ജി.പി.6/948/2021 തീയ്യതി: 04/07/2021

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ്.ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ.പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രേംനാഥ് ജി.കെ,

ശ്രീമതി ശാലിനി വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർമാർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആനാട് സുരേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഹരിൻ ബോസ് | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ കെ.വി.സുരേഷ് | സെക്രട്ടറി | 15-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മനോജ്കുമാർ | മെഡിക്കൽ ഓഫീസർ, FHC | 01-04-2019 | 02-07-2019 |
| ഡോ.അംബ | മെഡിക്കൽ ഓഫീസർ, FHC | 03-07-2019 | 09-08-2019 |
| ഡോ.മനോജ്കുമാർ | മെഡിക്കൽ ഓഫീസർ, FHC | 10-08-2019 | 31-03-2020 |
| ഡോ.മീരറാണി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 14-06-2019 |
| ഡോ.ശുഭ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 15-06-2019 | 31-03-2020 |
| ഡോ.ഷൈലജാദേവി | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബാകുമാരി എൽ. | വി.ഇ.ഒ. | 01-04-2019 | 31-05-2019 |
| ശ്രീമതി രഞ്ജിത ആർ. | വി.ഇ.ഒ. | 01-06-2019 | 01-12-2019 |
| ശ്രീ.ദീജു എസ്.എസ്. | വി.ഇ.ഒ. | 02-12-2019 | 31-03-2020 |
| ശ്രീമതി അഖില | വെറ്റിനറി സർജൻ | 01-04-2019 | 06-07-2019 |
| | | 06-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.രജിത്ത് ആർ. | വെറ്റിനറി സർജൻ | | |
| ശ്രീമതി അംബിക | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അനുശ്രീ എ.എസ്. | ICDS സൂപ്പർവേസർ | 01-04-2019 | 09-03-2020 |
| ശ്രീമതി കല | ICDS സൂപ്പർവേസർ | 09-03-2020 | 31-03-2020 |
| ശ്രീമതി ഷീജ ആർ.നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 06-03-2020 |
| ശ്രീമതി ശ്രീദേവി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-03-2020 | 31-03-2020 |
| ശ്രീ.വിജയൻ നായർ | ഹെഡ്മാസ്റ്റർ, ആനാട് LPS | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽ ടി.ജെ. | അസി.എഞ്ജിനിയർ | 01-04-2019 | 30-11-2019 |
| ശ്രീമതി ബിനി | അസി.എഞ്ജിനിയർ | 30-11-2019 | 31-03-2020 |
| ശ്രീ സുരേഷ് ബാബു | അസി.സെക്രട്ടറി | 01-04-2019 | 09-12-2019 |
| ശ്രീമതി ബീന സി.പി. | അസി.സെക്രട്ടറി | 10-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mary Andrews (Audit Officer, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 04-07-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: ASEENA.A.P (Senior Grade Auditor, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Premnath G.K (Senior Grade Auditor, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-6 |
| 8 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച വിശദാംശം<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-8 |
| 10 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Mary Andrews (Audit Officer, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9 |
| 11 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9-1 |
| 12 | കറന്റ് ചാർജ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9-2 |
| 13 | അഡ്വാൻസ് രജിസ്റ്റർ<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9-3 |
| 14 | വെള്ളക്കരം രജിസ്റ്റർ<br>Written By: Mary Andrews (Audit Officer, On 01-07-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9-4 |
| 15 | ലോൺ രജിസ്റ്റർ<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-9-5 |
| 16 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Mary Andrews (Audit Officer, On 01-07-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-10 |
| 17 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-11 |

| | | |
|---|---|---|
| | Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | |
| 18 | തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-12 |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-12-1 |
| 20 | ലേലത്തുക അടവാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-13 |
| 21 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കിയില്ല.<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-14 |
| 22 | പ്രളയ സെസ് ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 04-07-2021) | 1-14-1 |
| 23 | ബിൽഡിംഗ് പെർമിറ്റ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-15 |
| 24 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകരകൾ<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-16 |
| 25 | വസ്തു നികുതി - അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17 |
| 26 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-1 |
| 27 | സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-2 |
| 28 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ / സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-3 |
| 29 | വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-4 |
| 30 | 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല | 1-17-5 |

| | | |
|---|---|---|
| | Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | |
| 31 | സഞ്ചയയിലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-6 |
| 32 | ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം 6 ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-7 |
| 33 | വസ്തുനികുതിനിർണ്ണയം- ഫോറം 6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-17-8 |
| 34 | സേവന ഉപനികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-18 |
| 35 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല- പഞ്ചായത്ത് ഫണ്ടിന്റെ നിരന്തര ചോർച്ച<br>Written By: Mary Andrews (Audit Officer, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-19 |
| 36 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - KSEBക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട് - പദ്ധതി പൂർത്തീകരണവും വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല – 181828/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-20 |
| 37 | എസ് എസ് എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 1600000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: ASEENA.A.P (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-21 |
| 38 | CPRCS പോർട്ടൽ വഴി വാങ്ങൽ - പ്രിന്ററുകൾ ലഭ്യമായിട്ടില്ല-27550/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-22 |
| 39 | പി എച്ച് സി , പാലിയേറ്റീവ് കെയർ എന്നിവക്ക് മരുന്ന് വാങ്ങൽ - പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല – 502933/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 28-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-23 |
| 40 | പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ വിനിയോഗവിവരം ലഭ്യമായിട്ടില്ല<br>Written By: Premnath G.K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-24 |
| 41 | പശ്ചാത്തല സൗകര്യ വികസനം- ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാകുന്നില്ല<br>Written By: Premnath G.K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-25 |
| 42 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-26 |

| | | |
|---|---|---|
| | Written By: Premnath G.K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | |
| 43 | സർക്കാർ ഉത്തരവുകൾക്കനുസരിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിനായുള്ള വാഹനത്തിന്റെ ഉപയോഗം ക്രമപ്പെടുത്തണം.<br>Written By: Premnath G.K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-27 |
| 44 | വനിതകളുടെ കൂട്ടായ്മക്ക് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ലംഘിച്ചു തുക നൽകി-150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Premnath G.K (Senior Grade Auditor, On 29-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-28 |
| 45 | തെരുവു വിളക്കുകൾ-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല<br>Written By: Mary Andrews (Audit Officer, On 01-07-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-29 |
| 46 | കംപോസ്റ്റ് പിറ്റ് നിർമാണം - തനതുഫണ്ട് റീകൂപ്പ് ചെയ്തിട്ടില്ല<br>Written By: Mary Andrews (Audit Officer, On 01-07-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 04-07-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 04-07-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: Mary Andrews (Audit Officer, On 30-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: Mary Andrews (Audit Officer, On 30-06-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: Mary Andrews (Audit Officer, On 30-06-2021) | 4-8 |
| 9 | | 4-9 |

| | | |
|---|---|---|
| | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 30-06-2021)<br>Last Updated By: Mary Andrews (Audit Officer, On 30-06-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mary Andrews (Audit Officer, On 01-07-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-10 |
| 11 | തീപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mary Andrews (Audit Officer, On 01-07-2021)<br>Last Updated By: K Sreeja (Deputy Director, On 03-07-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

<u>ഭാഗം -1</u>

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 01-03-2019ലെ 1-1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പുൾപ്പെടെ പ്രതീക്ഷിത വരവ് 221888195/-രൂപയും, പ്രതീക്ഷിത ചെലവ് 226009310/-രൂപയും, നീക്കിയിരിപ്പ് 4362611/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 19.6.2020 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. 2019-20ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 1681748/- രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോസ്റ്റേറ്റ്മെന്റിൽ Netincrease/Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 298814/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.ധനലക്ഷ്മി ബാങ്ക് എം.എൻ.ആർ.ഇ.ജി എസിന്റെ (അക്കൗണ്ട് നം.450620101)

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ

| Head Code | Description | Debit | Credit |
|---|---|---|---|
| 251300801 | Opening Balance | 161876 | |
| 31.10.2019 | Total Poverty Allevation-General | | 362724 |
| | Closing Balance | (362724) | |

3.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

4.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ്ഷീറ്റ് B-14 Stock Inhand(Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

6. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

7. B-2 ഷെഡ്യൂൾ പ്രകാരം Other Trust Agency Fund ഇനത്തിൽ 106200 രൂപ നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന ബി.പി.എൽ കുടുംബങ്ങൾക്കുള്ള ഇൻസെന്റീവ് തുക വിതരണം ചെയ്ത് യു.സി നൽകിയിട്ടും ആയത് B-2 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7.കാഷ്ബുക്ക് പ്രകാരം 1.7.2019ൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് ബാലൻസ് (493813) രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

8. B-18 ഷെഡ്യൂൾ പ്രകാരം ഉള്ള 460100105, 460100199, 460400201, 460500201, 460500501, 460509901 എന്നിവയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

9. സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 60000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അത് RP7ൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.ലഭ്യമാക്കിയ ഡി.ബി.ടി സ്റ്റേറ്റ്മെന്റ് പ്രകാരം Indiragandhi National Disability Pension ഇനത്തിലെ ചെലവ് 2553900/- രൂപയാണ്. എന്നാൽ I6 ഷെഡ്യൂൾ പ്രകാരം അത് 2503900/- രൂപയാണ്.

11. M.N.R.E.G.S ന്റെ ക്യാഷ് ബുക്ക് , പാസ്ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 707722/- രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് വാർഷികധനകാര്യപത്രിക എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 702277/- രൂപയാണ്. റീകൺസിലിയേഷൻസ്റ്റേറ്റുമെന്റിൽ പാസ്ബുക്ക് പ്രകാരം 24.3.3020ലെ നീക്കിയിരിപ്പ് തുകയായ 702277/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് സ്റ്റേറ്റുമെന്റ്പ്രകാരം 31.3.2020 നീക്കിയിരുപ്പ് 707722.44 രൂപ ആണ്.

12. RP 40(B) പ്രകാരമുള്ള Treasury Own Fund Vpfa1-2, Treasury Ownfund Vpfa1-3, Treasury Ownfund Vpfa 1-4, Bank Of India Chullimanoor A/C No. 3379 എന്നിവയുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ ബാങ്ക് ബുക്ക്, പാസ്ബുക്ക് , റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.

13. B5- Secured Loans നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

14. RP- 7 Schedule പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവയുടെ വരവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

15. ലഭ്യമാക്കിയ സഞ്ചയ പത്രിക പ്രകാരമുള്ള വരവ്, ഡിമാന്റ്, കളക്ഷൻ തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

16 തൊഴിൽ നികുതി , ലൈസൻസ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സ.ബി പത്രിക എഴുതി സെക്രട്ടറിസാക്ഷ്യപ്പെടുത്തി പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.

17 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം വരവ് 146572217/- രൂപയും ചെലവ് 150226656/- രൂപയുമാണ്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു.

18. 2018-19 വർഷത്തെ എ.എഫ്. എസ് പ്രകാരം എൻ.ആർ.ഇ.ജി.എ നീക്കിയിരിപ്പ് 161876/- രൂപയാണ്. എന്നാൽ ലഭ്യമാക്കിയരേഖകൾ പ്രകാരം 2019-20 വർഷത്തെ മുന്നിരിപ്പ് 929351/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. എം.എൻ.ആർ.ഇ ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരം ആകെ വരവ് 2251223/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം വരവ് 1478427/- രൂപയാണ്.

19. RP-7 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 200395രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 1935115/-രൂപയും വരവുണ്ട്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിൽ ചെലവ് യഥാക്രമം 1854046/- , 1941715/- എന്നിങ്ങനെയാണ്.

20. Rent Receivable From Buildings (Arrears) രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 30975/- ആണ്. എ.എഫ്.എസ് B-15 ഷെഡ്യൂൾ പ്രകാരം ആയത് 32449/- രൂപയാണ്.

21. ലേല രജിസ്റ്റർ പ്രകാരംലേലം ഇനത്തിൽ 32749/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. എന്നാൽ B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 12000/- രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | 33866847 |
| വരവ് | 103557375 |
| ആകെ | 137424222 |
| ചെലവ് | 103856189 |
| നീക്കിയിരിപ്പ് | 33568033 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ തുക | ക്യൂബിൽ |
|---|---:|---:|---:|---:|---:|---:|
| വികസനഫണ്ട് ജനറൽ * | 0 | 15990134 | 15990134 | 20307956 | -4317822 | 1321119 വികസനഫണ്ട് പൊതുവിഭാഗം ACR &AFS പ്രകാരമുള്ള ചെലവ് തുകയും ഗ്രാന്റ് യൂട്ടിലൈസേഷൻ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സ്റ്റേറ്റുമെന്റ്പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. |
| വികസനഫണ്ട്(എസ്.സി.പി | 0 | 6555176 | 6555176 | 3818000 | 2737176 | 813000 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 264000 | 264000 | 29936 | 234064 | - |
| ധനകാര്യകമ്മിഷൻ ഗ്രാന്റ്(Untied) | 0 | 15531829 | 15531829 | 7471858 | 8059971 | 2076230 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ് ) | 0 | 5881000 | 5881000 | 3694580 | 2186420 | 378858 |
| മെയിന്റനൻസ് ഫണ്ട് (റോഡ് ) | 0 | 16799000 | 16799000 | 5291312 | 115076883645 | 3005944 |
| ശുചിത്വ മിഷൻ | 3645981 | 0 | 3645981 | 463454 | 3182527 | - |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 | - |
| ഐ.സി.ഡി.എസ് | 222502 | 924930 | 1147432 | 847668 | 299764 | - |
| ലൈഫ് സംസ്ഥാന വിഹിതം | 0 | 17900000 | 17900000 | 17800000 | 100000 | - |

1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റ് അലോക്കേഷൻ അപ്പൻഡിക്സ് 4പ്രകാരം പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും ഉല്പാദനമേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക 4876560/- രൂപയാണ്, സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിൽ ചെലവഴിച്ചിരിക്കുന്നത് 4104462/- രൂപയാണ്.

2. G.O(MS) N0.11/2018/LSGD Dated 29.1.2018 ഖണ്ഡിക 5.4.10 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയായ 31563993/- ന്റെ 10% വനിതാഘടകപദ്ധതിയ്ക്ക് ചെലവഴിച്ചിട്ടില്ല. ചെലവഴിച്ചത് 2281000/- രൂപ മാത്രമാണ്.

3. G.O(MS) N0.11/2018/LSGD Dated 29.1.2018 ഖണ്ഡിക 5.4.11 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വേണ്ടി വിനിയോഗിക്കണം . പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയായ 31563993 ന്റെ 5% തുക(1578199) ഈയിനത്തിൽ ചെലവഴിച്ചിട്ടില്ല. ചെലവഴിച്ചിരിക്കുന്നത് 748276/- രൂപ മാത്രമാണ്.

4.സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CSS,SSS ഇനങ്ങളിൽ വരവ് ഇല്ലെങ്കിലും CSS ൽ 1311122/- രൂപ ചെലവ് ചെയ്തതായും Sssൽ 312500/-രൂപക്ക് പദ്ധതി രൂപീകരിച്ചതായും കാണുന്നു. എന്നാൽACR പ്രകാരം ഈതുകകൾ പൊരുത്തപ്പെടുന്നില്ല.

*

| ഇനം | ACR പ്രകാരമുള്ള തുക | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 15979250 | 20307956 |

1-4-2 ഗ്രാന്റ് അലോട്ട്മെന്റ് സ്റ്റേറ്റുമെന്റും എ.സി.ആറും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ വികസനഫണ്ട് പൊതുവിഭാഗം ACR പ്രകാരമുള്ള ചെലവ് തുകയും ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ACR പ്രകാരമുള്ള തുക | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 15979250 | 20307956 |

1-4-3 വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2019-20 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 320200207 | 305503 | 305503 |
| 320200310 | 2579 | 2579 |
| 320200323 | 20000 | 20000 |
| 320200399 | 62500 | 62500 |
| 320300102 | 10000 | 10000 |
| 320400199 | 575003 | 575003 |
| 320500101 | 337652 | 337652 |
| 320800299 | 80441 | 80441 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചവ (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 128010392 | 103 | 65654369 | 15 | 89 | 49.75 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 929351 | 1469780 | | 1708409 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 792000-<br>14092- | 3205223 | 775000-<br>14092- | 707722 |
| ആകെ | | 2275872 | | 2497501 | |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 684340 | 1325 |
| കർഷകതൊഴിലാളി പെൻഷൻ | 3875400 | 6 |
| വിധവാ പെൻഷൻ | 9769200 | 51 |
| വാർദ്ധക്യകാല പെൻഷൻ | 14574000 | 193 |
| വികലാംഗ പെൻഷൻ | 2553900 | 21 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 310800 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.6.2021 രാവിലെ 10 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 18724/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 രജിസ്റ്ററുകളുടെ പരിപാലനം

സ്ഥാപനത്തിലെ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. കറന്റ് ചാർജ്, വെള്ളക്കരം, ഇന്ധനം വാങ്ങൽ മുതലായി മാസംതോറും ആവർത്തിച്ചുവരുന്ന ചെലവുകൾക്കൊന്നും രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ വാങ്ങലുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ ഇവയൊന്നും പരിപാലിക്കപ്പെടുന്നില്ല. ഇതു സംബന്ധിച്ച നല്കിയ അന്വേഷണക്കുറിപ്പിന് (നം.9) ലഭ്യമായില്ലായെന്ന് മറുപടി ലഭിച്ചു.

## 1-9-1 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

പ്രോ.നം.272/19-20 പ്രകാരം 44700/-രൂപയ്ക്ക് 'കമ്മറ്റി ഹാളിലേക്ക് പ്ലാസ്റ്റിക് ചെയർ വാങ്ങൽ' പദ്ധതി പ്രകാരം 100 പ്ലാസ്റ്റിക് കസേരകളും, പ്രോ.നം.180/19-20 പ്രകാരം 294588/-രൂപയ്ക്ക് 'പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ' പദ്ധതി പ്രകാരം ഓഫീസ് ചെയറുകളും, വിസിറ്റേഴ്സ് ചെയറുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തന്മൂലം ഫർണിച്ചറുകളുടെ വിതരണം, വിതരണ ബാക്കി മുതലായ വിവരങ്ങൾ ലഭ്യമല്ല. വാങ്ങിയ ഫർണിച്ചർ മുഴുവനും നിലവിലും സ്ഥാപനത്തിലുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിക്കില്ല. ആയതിനാൽ വാങ്ങലുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## 1-9-2 കറന്റ് ചാർജ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തെരുവു വിളക്കുകൾക്ക് കറന്റ് ചാർജ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം ഓരോ മാസവും ഈയിനത്തിലെ ഡിമാന്റിൽ വരുന്ന വ്യത്യാസം ശ്രദ്ധയിൽപ്പെടാതെ പോകുകയും ആയത് പഞ്ചായത്തു ഫണ്ടിന്റെ നിരന്തര ചോർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നു. ആയതിനാൽ കറന്റ് ചാർജ് രജിസ്റ്റർ പരിപാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9-3 അഡ്വാൻസ് രജിസ്റ്റർ

സ്ഥാപനത്തിൽ മുൻകൂർ രജിസ്റ്റർ പരിപാലിക്കുന്നില്ല. തന്മൂലം തൻവർഷം വിവിധ ആവശ്യങ്ങൾക്കായി നല്കിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നു അറിയാൻ സാധിക്കുന്നില്ല. തൻവർഷം അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസ്, യാത്രാബത്ത മുൻകൂർ, നിർവഹണോദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ ഇവയുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ മുൻകൂർ രജിസ്റ്റർ പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-4 വെള്ളക്കരം രജിസ്റ്റർ

വെള്ളക്കരം ഡിമാന്റ്/അടവ് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കാത്തതിനാൽ വെള്ളക്കരം ഡിമാന്റിൽ വരുന്ന വ്യതിയാനം കണക്കാക്കാതെ തൻവർഷം ഓരോ മാസവും നിശ്ചിത ടാപ്പുകളുടെ എണ്ണത്തിലും അധികമായ തുകയാണ് അടച്ചിട്ടുള്ളത്. ഈയിനത്തിൽ പഞ്ചായത്തു ഫണ്ടിനുണ്ടാകുന്ന നിരന്തര ചോർച്ച തടയുന്നതിന് ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-9-5 ലോൺ രജിസ്റ്റർ

പഞ്ചായത്തിൽ ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല. ലൈഫ് ഭവനപദ്ധതിക്കായി KURDFCൽ നിന്നും പിൻവലിച്ച തുകയുടേയും ആയതിന്റെ തിരിച്ചടവിന്റെയും (പലിശയുൾപ്പെടെ) വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പിഴവുകൾ ചുവടെ ചേർക്കുന്നു.

1) ഓഡിറ്റിനായി ഹാജരാക്കിയ തൻവർഷത്തെ ചെലവു വൌച്ചറുകൾ ക്രമപ്രകാരം അടുക്കി ബൈൻഡു ചെയ്യുകയോ, വൌച്ചറുകളോടൊപ്പം ചെലവു രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2)വരവിനങ്ങളുടെ രജിസ്റ്ററുകൾ ഡി.സി.ബി പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) സ്ഥാപനത്തിൽ ഒരു ട്രേയ്ഡേസ് ലിസ്റ്റ് പരിപാലിക്കുന്നില്ല. ആയതിനാൽ ഈയിനത്തിലുള്ള ഡിമാന്റ് /വരവു സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല.

4)സകർമ മിനിട്ട്സ് പ്രകാരം എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല (ഖ:1-30)

5) മുൻകൂർ രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഫർണിച്ചർ/ഇലക്ട്രിക്കൽ ഉപകരണങ്ങൾ/മറ്റിതര വാങ്ങലുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ, കറന്റ് ചാർജ്/ വെള്ളക്കരം രജിസ്റ്റർ ഇവയൊന്നും പരിപാലിക്കുന്നില്ല.

6)സ്യൂട്ട് രജിസ്റ്ററിൽ കേസ്സിന്റെ വിഷയം രേഖപ്പെടുത്തുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട്, ആസ്തി രജിസ്റ്റർ ഇവയൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗിക/ഭരണ തലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ

കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 2 ന് ലഭ്യമാക്കിയ മറുപടിയിൽ 21 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ റേഷൻ കട ഉടമകളുടെ വിവരം ലഭ്യമല്ലായെന്നും പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

## 1-12 തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 205(ഇ) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസു മൂലം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ 205(ഡി) വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ആഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. പ്രസ്തുത ചട്ടം 205(l) പ്രകാരം ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ,ജീവനക്കാരുടെ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെപ്പറയും പ്രകാരം അപാകത കാണുന്നു.

| ക്രമ നം | സ്ഥാപനം | റിമാർക്ക്സ് |
|---|---|---|
| 1 | ക്രിസ്തുകിരൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ, തേക്കുംമൂട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 2 | മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 3 | ആനാട് ഗ്രാമപഞ്ചായത്ത് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 4 | ബി.എസ്.എൻ.എൽ, പഴകുറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 5 | മെഡിപ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 6 | പോപ്പുലർ ഓട്ടോഡീലേഴ്സ് കൊല്ലംകാവ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 7 | ഹെർക്കുലീസ് ഓട്ടോമൊബീൽസ് പ്രൈവറ്റ് ലിമിറ്റഡ്, ചുള്ളിമാനൂർ | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 8 | മുത്തൂറ്റ് മൈക്രോഫിനാൻസ്, പഴകുറ്റി | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 9 | നൈറ്റിംഗേൾ കോളേജ് ഓഫ് നഴ്സിംഗ് | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 10 | ബി.വി.ഡി.എം, ഐ.ടി.സി | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 11 | സാഫ് ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി |

| | | |
|---|---|---|
| | | ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 12 | എം.ടി ഹാൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |

2) രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമനം | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ബാങ്ക് ഓഫ് ഇന്ത്യ, ചുള്ളിമാനൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 2 | ബി.എസ്.എൻ.എൽ പഴകുറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 3 | കാംപ്കോ ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 4 | സപ്ലൈകോ ചുള്ളിമാനർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 5 | കെ.എസ്.എഫ്.ഇ ചുള്ളിമാനർ | ഒന്നാം അർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 6 | ആനാട് ഫാർമേഴ്സ് ബാങ്ക് | ഒന്നാം അർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 7 | പോപ്പുലർഓട്ടോ ഡീലേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 8 | മെഡി പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 9 | മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 10 | മുത്തൂറ്റ് പിനാൻസ് ലിമിറ്റഡ്, ചുള്ളിമാനർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 11 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, ആനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 12 | ആട്ടുകാൽ റൂറൽ കോപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 13 | ധനലക്ഷ്മി ബാങ്ക്, ആനാട് | ഒന്നാം അർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 14 | കാനറ ബാങ്ക് | ഒന്നാം അർദ്ധവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 15 | ബി.ടി ഹാൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി |

| | | |
|---|---|---|
| | | ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 16 | പി.ആർ ആഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 17 | സാഫ് ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 18 | മുത്തൂറ്റ് മൈക്രോഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 19 | ശിവപ്രിയ ഇൻവെസ്റ്റ്മെന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 20 | മേരി റാണി പോപ്പുലർ നിധി ചുള്ളിമാനൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 21 | ആശീർവാദ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 22 | ഹെർക്കുലീസ് ഓട്ടോമൊബീൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |

3. രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി , സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കാനവശേഷിക്കുന്നവരിൽ നിന്ന് അത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 16 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | എസ്.ഷാജഹാൻ | നിയാസ് മൻസിൽ , നാഗച്ചേരി, ആനാട് പി.ഒ |
| 2 | രതീഷ് എസ്.എസ് | കുന്നുംപുറത്തു വീട്, കഴക്കുന്നു വീട്, ചുള്ളിമാനൂർ |
| 3 | രവി. എസ് | ആർ.പി ഹൗസ് , ഗാന്ധി നഗർ , നെടുമങ്ങാട് |
| 4 | പി. മോഹൻകുമാർ | ശ്രീ രമ്യ, ചന്ദ്രമംഗല, ആനാട് പി.ഒ |
| 5 | അനൂപ് സുധാകരൻ, എസ്. എൽ | ചേലയിൽ തടത്തരികത്തു വിട്, മൂഴി |
| 6 | ഷിറാസ് | ഇ.വി. ഹൗസ്, തൊളിക്കോട് പി.ഒ |
| 7 | വിജയസേനൻ നായർ | ജയനിലയം, ചെല്ലഞ്ചി,പേരയം |
| 8 | ഇ.ആയുബ് ഖാൻ | ഊറ്റുകുഴി മേലേ പുത്തൻ വീട്, അരുവിക്കര |
| 9 | വിനോദ്. എസ് | ആറ്റുകടവിൽ വീട്, ചെല്ലഞ്ചി |
| 10 | ജയകുമാർ. എം.ജി | ജയനിലയം, ചെല്ലഞ്ചി |

| | | |
|---|---|---|
| 11 | അനീഷ്കുമാർ പി.എസ് | രാജ് ഭവൻ, കരകുളം പി.ഒ |
| 12 | അശ്വതി എ.എസ് | കാച്ചാണി, കരകുളം പി.ഒ |
| 13 | സുമേഷ് കുമാർ.എം | സുമ ഭവൻ, ഒരുകുഴി |
| 14 | നിഷാദ്. എസ് | സീനത്ത് മൻസിൽ, ഇര്യനാട് |
| 15 | ബിനുരാജ് | കുന്നുംപുറത്തു വീട്, കുറുപുഴ |
| 16 | സജീവ്. എസ് | സജി ഭവൻ, കുടവനാട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ1ന് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും അവർ തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കി ഈടാക്കുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ലേലത്തുക അടവാക്കിയില്ല

ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്നവ ലേലം കൊണ്ടിട്ടുള്ള വ്യക്തികൾ ലേലത്തുക അടവാക്കിയിട്ടില്ല, വിശദാംശം ചുവടെ

| ക്രമ നം. | ലേല ഇനം | ലേലം കൊണ്ട വ്യക്തി | ലേലത്തുക |
|---|---|---|---|
| 1 | ചുള്ളിമാനൂർ പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം | മുഹമ്മദ് സജാദ്, ഷാമൻസിൽ | 12000 |
| 2 | ചന്ദ്രമംഗലം ലക്ഷം വീട് കോളനി ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം | മോഹനൻ, ശ്രീരമ്യ | 525 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് മേൽവ്യക്തികളിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തിരമായി നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കിയില്ല.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ 2019-20ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 242 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 12ന് ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയിൽ ലഭ്യമായില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നമുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ലൈസൻസ് വരവിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നില്ലായെന്നും ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14-1 പ്രളയ സെസ് ഈടാക്കിയില്ല

ജി.ഒ(പി) 96/2019 /ടാക്സ് തീയതി 29.6.2019 പ്രകാരം 1% പ്രളയസെസ് ചുമത്തിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന കടമുറികളിൽ വാടകയ്ക്ക്എടുത്തിട്ടുള്ള വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിലും പ്രളയസെസ്സ് ഈടാക്കിയിട്ടില്ല

| ക്രമ നം | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | വാടക |
|---|---|---|---|
| 2 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 2 | ഷംസുദ്ദീൻ, പ്ലാവിള പുത്തൻ വീട് | 1313+GST |
| 3 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. 3 | മുഹമ്മദ് താഹ, ഫാത്തിമ മന്ദിരം | 1313+GST |
| 4 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.4 | അക്ബർഷാൻ, അക്ബർ ബിൽഡിംഗ് | 1313+GST |
| 5 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം.5 | എ. നജീം, മുക്കകാട്ടു വീട | 1313+GST |
| 6 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് | അഷ്റഫ് മഞ്ഞക്കോട്ടു മൂല | 1313+GST |

| | | | |
|---|---|---|---|
| | കോപ്ലംക്സ്, റൂം നം.6 | | |
| 7 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം.7 | അബ്ദുൾ റഷീദ്, കോട്ടപ്പറമ്പ് തടത്തരികത്തു വീട് | 1313+GST |
| 10 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം.10 | യൂസഫ്. ജെ, പുളിക്കുഴി ആറാംപുള്ളി തടത്തരികത്തു വീട് | 1313+GST |
| 11 | ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം.11 | യൂസഫ്. ജെ, പുളിക്കുഴി ആറാംപുള്ളി തടത്തരികത്തു വീട് | 1313+GST |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3ന് ലഭ്യമാക്കിയ മറുപടിയിൽ പ്രളയ സെസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 ബിൽഡിംഗ് പെർമിറ്റ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിററ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്, ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.15ന് പ്രസ്തുത നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-16 ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ

താഴെപ്പറയുന്ന കടമുറികളിൽ നിന്ന് വാടക ഈടാക്കിയിട്ടില്ല

| കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന തുക |
|---|---|---|---|
| ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 3 | സജീർ. എസ്, ഫാത്തിമ മൻസിൽ | 762+GST | ഡിസംബർ മുതൽ മാർച്ച് വരെ |
| ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 4 | രാജേഷ്. എസ്, പുളിക്കേക്കോണം, തടത്തരികത്തു വീട് | 762+GST | ഏപ്രിൽ മുതൽ മാർച്ച് വരെ |
| ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 6 | സരസമ്മ, കുഴിവിളാകത്തു വീട് | 762+GST | ജൂൺ മുതൽ മാർച്ച് വരെ |
| ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 7 | ശോഭന, ജി, കുളവിയോട് ,മേക്കുംകര വീട് | 762+GST | ജൂൺ മുതൽ മാർച്ച് വരെ |
| ആനാട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 8 | സുലോചന, വട്ടവിള, തടത്തരികത്തു വീട് | 762+GST | ഏപ്രിൽ മുതൽ മാർച്ച് വരെ |
| ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 1 | അലാവുദ്ദിൻ. എ, സാൻ ബിൽഡിംഗ് | 1313+GST | നവംബർ മുതൽ മാർച്ച് വരെ |
| ചുള്ളിമാനൂർ മാർക്കറ്റ് ഷോപ്പിംഗ് കോപ്ലംക്സ്, റൂം നം. 8 | അലാവുദ്ദിൻ. എ, സാൻ ബിൽഡിംഗ് | 1313+GST | നവംബർ മുതൽ മാർച്ച് വരെ |

ജി.ഒ(പി) 96/2019 /ടാക്സ് തീയതി 29.6.2019 പ്രകാരം 1% പ്രളയസെസ് ചുമത്തിയിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3ന് റൂം നം. 4,6,7,8 എന്നിവ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണെന്നും റും നം. 6,7 എന്നിവ ലേലത്തിൽ പിടിച്ചവർ 2019ൽ രണ്ടു മാസത്തെ വാടക അടച്ചിരുന്നുവെന്നും പ്രവർത്തനം ഇല്ലാത്തതിനാൽ അവർ കടമുറികൾ ഒഴിഞ്ഞുപോയി എന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. റും നം. 1,8 എന്നിവ മാത്രമാണ് കുടിശിക ഉള്ളതെന്നും കോവിഡ്-19 പശ്ചാത്തലത്തിൽ കച്ചവടം ഇല്ലാത്തതിനാലാണ് വാടക കുടിശിക അടവാക്കാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കോവിഡ്-19 മാർച്ച് 2020 മുതലാണ് ആരംഭിച്ചതെന്നിരിക്കെ 2019-20ലെ വാടക കുടിശിക അടവാക്കാത്തതിന് ആയത് കാരണമായി അംഗീകരിക്കാൻ കഴിയില്ല. ഷോപ്പിംഗ് കോപ്ലംക്സ് വാടകയിനത്തിൽ അടവാക്കാനവശേഷിക്കുന്ന തുക കൃത്യമായി കണക്കാക്കി കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള ആൾക്കാരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-17 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

### 1-17-1 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് |
|---|---|---|---|
| 10/31 | യൂസഫ് | 119130102065/4.9.2019 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 17/411 | കെ. വേണുഗോപാൽ | 119130102395/9.10.2019 | 2018-19, 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 19/62 | ശോഭന കുമാർ | 119130103109/7.12.2019 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 11/52 B | ബഷീർ | 119130103367/16.12.2019 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 15/25 | എസ്. സുനിൽ കുമാർ | 119130104966/4.3.2020 | 2016 മുതൽ 2019 വരെയുള്ള ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.5ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ രസീതുകൾ റദ്ദ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ അക്കൗണ്ട് സെക്ഷനുമായി ബന്ധപ്പെട്ട് പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-17-2 സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നികുതി ഇളവിന് അർഹതയുള്ള കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും അല്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകി വസ്തു നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്വയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ വാർഡ് അഞ്ച് മാത്രം പരിശോധിച്ചതിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 5/2 | ഭാസ്കരൻ, ഉത്രാടം |
| 2 | 5/3 | ഭാസ്കരപ്പിള്ള, വാഴവിള , പുനവക്കുന്ന് |
| 3 | 5/11 A | അനിതാകുമാരി. എൽ, വാഴവിളതടത്തരികത്തു വീട് |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല..

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഇളവ് അർഹത സഞ്ചയയിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതും സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-17-3 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിലെ വാർഡ് 6, 19 എന്നിവ മാത്രം പരിശോധിച്ചതിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 6/195 | അജയകുമാർ, ഉപാസന | ആനാട്- പുനവക്കുന്ന് | പ്രഥമം |
| | 6/196 | | ആനാട്-പുനവക്കുന്ന് | ത്രിതീയം |
| 2 | 6/399C | കൃഷ്ണൻകുട്ടി, കൃഷ്ണബാങ്ക് ജംഗ്ഷൻ | ആനാട്-വടക്കേല റോഡ് | ത്രിതീയം |
| | 6/399D | | ആനാട്-വടക്കേല റോഡ് | ദ്വിതീയം |
| 3 | 19/1 | സുലൈമാൻ, പുണർതം | നെടുമങ്ങാട്-വെമ്പായം റോഡ് | ത്രിതീയം |
| | 19/2 | | നെടുമങ്ങാട്-വെമ്പായം റോഡ് | പ്രഥമം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ ഡേറ്റാ ബെസിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾക്ക് സ്വമേധയാ മേഖല സ്വീകരിക്കപ്പെടുകയാണ് ചെയ്യുന്നതെന്നും മാന്വലായി ചെയ്യേണ്ട സാഹചര്യം ഉള്ളതിനാലാണ് സമിപത്തുള്ള റോഡിന്റെ പേര് നൽകുമ്പോൾ മേഖല വ്യത്യാസപ്പെട്ടു വരുന്നതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. എല്ലാ റോഡുകളും സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17-4 വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11ന് ലഭ്യമാക്കിയ മറുപടിയിൽ മേഖലകൾ രേഖപ്പെടുത്തിയ മാപ്പ് പരിശോധനയിൽ ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-17-5 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് 18, 6 എന്നിവ മാത്രം പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം |
|---|---|---|
| 18/28 | ജയകുമാർ, പാലശ്ശേരിൽ വീട് | 64.2 ച.മീ |
| 6/102 | പ്രഭാത്, പ്രഭാത് നിവാസ് | 95.14 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് ലഭ്യമാക്കിയ മറുപടിയിൽ 18/28നം. കെട്ടിടം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ താഴെയുള്ള വാസഗൃഹം എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതിയിളവ് 1993 ആദ്യ അർദ്ധ വർഷം മുതൽ നൽകിയിട്ടുള്ളതാണെന്നും എന്നാൽ 60 ച.മീ കൂടുതലുള്ള കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആയത് പരിശോധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. കെട്ടിട നം. 6/102 നം. കെട്ടിടത്തിന്റെ വസ്തു നികുതി 0 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയത് പരിശോധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.ഇപ്രകാരം വസ്തുനികതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വരുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-17-6 സഞ്ചയയിലെ കെട്ടിടത്തിന്റെ ഉപയോഗക്രമവും ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ രജിസ്റ്റർപ്രകാരം ക്രമ നം. 51 വരെ ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യാസപ്പെട്ടു കാണുന്നു. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ

| കെട്ടിട നം. | ലൈസൻസ് രജിസ്റ്റർ ക്രമ നം | ഉടമസ്ഥൻ | ഉപയോഗംലൈസൻസ് രജിസ്റ്റർപ്രകാരം | സഞ്ചയപ്രകാരമുള്ള രേഖപ്പെടുത്തൽ |
|---|---|---|---|---|
| 18/88 | 32 | കെ. സാബു, വിഷ്ണു വിഹാർ, വേങ്കവിള | ബേക്കറി | പാർപ്പിടാവശ്യം |
| 11/537 | 37 | ജി. വിജയൻ, മരുതും മൂട് | മിനറൽ വാട്ടർ, സോഫ്റ്റ് ഡ്രിംഗ് വിൽപ്പനയ്ക്ക് | പാർപ്പിടാവശ്യം |
| 6/237 | 40 | മൻസൂർ.എ, മൻസൂർ മൻസിൽ | കോഴിത്തീറ്റ വില്പന നടത്തുന്നതിന് | പാർപ്പിടാവശ്യം |
| 14/542 | 51 | സലിം. എം, റഹ്മത്ത് കോട്ടേജ് | പ്രോവിഷൻ സ്റ്റോർ | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് പുന:പരിശോധിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് നൽകുന്ന വേളയിൽ പ്രസ്തുത കെട്ടിടങ്ങളെ സംബന്ധിച്ച സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കേണ്ടതും തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-17-7 ഡേറ്റാ പ്യൂരിഫിക്കേഷൻ- ഫോറം 6 ലഭ്യമാക്കിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വാർഷിക ധനകാര്യപത്രിക I-18 പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗിനത്തിൽ 116382/- രൂപ ഡിമാന്റിനത്തിൽ ഒഴിവാക്കിയിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ തയ്യാറാക്കിയ ഫോറം6 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14 ന് ലഭ്യമാക്കിയ മറുപടിയിൽ2011ലെ കെ.പി.ആർ പ്രകാരമല്ല ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തുന്നതെന്നും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഞ്ചയഡേറ്റാ ബേസിലുള്ള തിരുത്തലുകൾ വരുത്തുകയാണ് ചെയ്യുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഫോറം -6 തയ്യാറാക്കണമെന്ന് പ്രത്യേക സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ആയതിനാൽ ഡേറ്റാ പ്യൂരിഫിക്കേഷൻ എപ്രകാരമാണ് നടത്തിയിരിക്കുന്നതെന്നതിൽ വ്യക്തതയില്ല. ഡേറ്റാ പ്യൂരിഫിക്കേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡേറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി ആണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-17-8 വസ്തുനികുതിനിർണ്ണയം- ഫോറം 6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ

അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഫോറം 6ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ രേഖപ്പെടുത്തലുകൾ മാന്വലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല. ആയതിനാൽ വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14ന് ഫാറം6 സർക്കാർ ഔദ്യോഗികമായി ഏർപ്പെടുത്തിയ സഞ്ചയസോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തു വരുന്നതിനാലാണ് മാന്വലായി രേഖപ്പെടുത്തലുകൾ വരുത്തി ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കാത്തതെന്നും നിലവിൽ അപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തി മാന്വലായി ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-18 സേവന ഉപനികുതി ഈടാക്കിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4ന് ലഭ്യമാക്കിയ മറുപടിയിൽ ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 1-19 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയില്ല- പഞ്ചായത്ത് ഫണ്ടിന്റെ നിരന്തര ചോർച്ച

തൻവർഷത്തെ വെള്ളക്കരം അടവ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 125 വാട്ടർ ടാപ്പുകൾക്ക് (@5250-) 04/2019ൽ 54688/-രൂപയാണ് അടച്ചിട്ടുള്ളത്. എന്നാൽ 05/19ൽ 53679/-രൂപ, 08/19ൽ 57718/-രൂപ, 09/19ൽ 57750/-രൂപ, 01/20ൽ 58812/-രൂപ എന്നിങ്ങനെ വെള്ളക്കരമിനത്തിൽ ഓരോ മാസവും വ്യത്യസ്ഥ തുകകളാണ് ഡിമാന്റ് പ്രകാരം അടച്ചിരിക്കുന്നത്. വെള്ളക്കരം ഡിമാന്റിലെ വ്യതിയാനം സംബന്ധിച്ചും, വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ, വെള്ളക്കരം രജിസ്റ്റർ എന്നിവ ആവശ്യപ്പെട്ടും നല്കിയ അന്വേഷണക്കുറിപ്പിന് (നം.7) ഓരോ മാസവും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരമുള്ള തുക അടച്ചുവരുന്നതായും, വെള്ളക്കരം രജിസ്റ്റർ, സംയുക്ത പരിശോധന സംബന്ധിച്ച ഫയൽ എന്നിവ ലഭ്യമല്ലായെന്നും മറുപടി നല്കി.

ജി.ഒ.(ആർ.ടി) 2242/2011/തസ്വഭവ.28-09-2011 പ്രകാരം സംയുക്ത പരിശോധന നടത്താത്ത തസ്വഭവ സ്ഥാപനങ്ങൾ രണ്ടാഴ്ചക്കകം ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നല്കേണ്ടതും, വാട്ടർ അതോറിറ്റി ഒരാഴ്ചക്കകം പരിശോധന നടത്തേണ്ടതുമാണ്. വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഡിമാന്റ് പ്രകാരമുള്ള തുക അടവാക്കി വരുന്നതിനാൽ ഈയിനത്തിൽ അടവാക്കുന്ന അധിക തുക സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല.

വെള്ളക്കരമിനത്തിലെ അധിക ചെലവ് നിയന്ത്രിക്കുന്നതിന് വെള്ളക്കരം രജിസ്റ്റർ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം ഈയിനത്തിൽ പഞ്ചായത്തു ഫണ്ടിനുണ്ടാകുന്ന നിരന്തര ചോർച്ച തടയുന്നതിന്വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന് ഭരണതലത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-20 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - KSEBക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട് - പദ്ധതി പൂർത്തീകരണവും വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല – 181828/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 251/20 |
| പ്രോജക്റ്റിന്റെ പേര് | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 200000 (തനത് ഫണ്ട്) |
| ചെലവ് | 181828/- |
| | |

| | |
|---|---|
| ചെക്ക് നം. തുക | 408935/24.09.19 - 80239<br>207858/12.11.19 - 16180<br>207822/28.11.19 - 49389<br>2324843/31.01.20 - 36020 |
| ഓഡിറ്റ് എൻക്വയറി | 19/24.06.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് പരിധിയിൽ അപകടാവസ്ഥയിലും തടസ്സമായി നിൽക്കുന്നതുമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് KSEBക്ക് ഡെപ്പോസിറ്റ് വർക്കായി നൽകുന്നതാണ് പദ്ധതി. ഇത്തരത്തിൽ വിവിധ പ്രദേശങ്ങളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റുകൾ പ്രകാരം ചുള്ളിമാനൂർ, തൊളിക്കോട് എന്നീ ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് 181828/- രൂപ മുൻകൂറായി കൈമാറിയിട്ടുണ്ട്.

മേൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

എ) സ.ഉ (എം.എസ്)നം.72/2017 ത.സ്വ.ഭ.വ തീയതി 29.03.17 ഖ.8.3(17) പ്രകാരം ഒരു നിക്ഷേപപ്രവൃത്തിക്ക് കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ. KSEBയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

ബി) പദ്ധതി പൂർത്തീകരിക്കുകയോ, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഇലക്ട്രിക് പോസ്റ്റുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കി പെർഫോമൻസ് റിപ്പോർട്ടും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നതുവരെ 181828/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 എസ് എസ് എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 1600000/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | 101/20 | 121/20 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ (ജനറൽ) | എസ് എസ് എ വിഹിതം നൽകൽ (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 1400000 (തനത്ഫണ്ട്) | 200000 (തനത്ഫണ്ട്) |
| ചെലവ് | 1400000 | 200000 |
| ചെക്ക് നം. | 2324829/09.10.19 | 2324829/09.10.19 |

നെടുമങ്ങാട് ബി.ആർ.സി. പ്രോഗ്രാം ഓഫീസറുടെ 20.05.19, 12.07.19 തീയതികളിലെ പ്രൊപ്പോസൽ അനുസരിച്ച് 2019-20 വർഷത്തെ എസ്.എസ്.എ. വിഹിതമായി ജനറൽ, എസ്.സി.പി പദ്ധതികളിലായി 1600000/-രൂപ ജില്ലാ പ്രോജക്ട് ഓഫീസർ, എസ്. എസ്.എയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. ആയത് എസ്.എസ്.എയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.19/24.06.21ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1600000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

സ.ഉ(കൈ) നം.11/2018/തസ്വഭവ 29.01.2018 പ്രകാരം SSA പദ്ധതികൾ വഴി അടവാക്കുന്ന തുക, പ്രസ്തുത കാര്യത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം യാതൊരു വിലയിരുത്തലുകളും പഞ്ചായത്ത് നടത്തുന്നില്ല. ഫണ്ട് കൈമാറുക എന്നതിനപ്പുറം യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കുന്നില്ല. SSA പദ്ധതികൾ വഴി ചെലവഴിക്കുന്ന തുക പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നു എന്ന് സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 CPRCS പോർട്ടൽ വഴി വാങ്ങൽ - പ്രിന്ററുകൾ ലഭ്യമായിട്ടില്ല-27550/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 179/19-20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 248300 (തനത്ഫണ്ട്) |
| ചെലവ് | 228195 |
| ചെക്ക് നം. തുക | 2324835/11.12.19 - 12824<br>2324834/11.12.19 - 215371 |
| നിർവ്വഹണം | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 23/28.06.21 |

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതാണ് പദ്ധതി. സ.ഉ(സാധാ)നം.25/2018/ITD/01.02.2018, നം. ഐ.ടി.സെൽ-1/106/19/വി.സ.വ./21.10.19 സർക്കുലർ എന്നിവയിലെ നിർദേശമനുസരിച്ച് കേരള സ്റ്റേറ്റ് ഐ.ടി. മിഷനു കീഴിലുള്ള CPRCS പോർട്ടൽ വഴി വാങ്ങുന്നതിനായി ഓർഡർ നൽകിയതനുസരിച്ച് താഴെ പറയും പ്രകാരം പ്രഫോർമ ഇൻവോയിസ് സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകുകയും ചെയ്തിട്ടുണ്ട്.

1) Proforma Invoice No.TVM/ITBG/PI/SB/231/19-20,13.11.19 , Dot Matrics Printer, Rate-12824/-

2) No.TVM/ITBG/PI/RC/11013/17-18, 08.11.19, A4 Multi Function Printer, Rate – 14726/-

3) No.TVM/ITBG/PI/RC/11006/17-18, 08.11.19, Desktop , 5 എണ്ണം, Rate –5*40129= 200645/-

5 കംപ്യൂട്ടറും, 2 പ്രിന്ററുകളും വാങ്ങുന്നതിനായി മേൽ പ്രൊഫോർമകൾ പ്രകാരമുള്ള തുക കെൽട്രോണിന് കൈമാറിയിട്ടുണ്ട്. ഇതിൽ കംപ്യൂട്ടറുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പ്രൊഫോർമ 1,2 പ്രകാരമുള്ള പ്രിന്ററുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഫോൺ മുഖേനയും ഇ-മെയിൽ മുഖേനയും അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. പ്രിന്ററുകൾ കെൽട്രോണിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 27550/-രൂപയുടെ (12824+14726) ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-23 പി എച്ച് സി , പാലിയേറ്റീവ് കെയർ എന്നിവക്ക് മരുന്ന് വാങ്ങൽ - പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല – 502933/-രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | 105/20 | 102/20 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 500000<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) | 1050000 (950000- വികസനഫണ്ട് + 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 500000 | 944228<br>(ഇതിൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചത് 648100) |
| ബിൽ നം, തുക | 18/09.10.19, 300000<br>25/21.12.19, 200000 | 19/13.11.19, 100000<br>27/06.01.20, 463000<br>29/25.01.20, 85100 |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതികൾ പ്രകാരം പി.എച്ച്.സിയിലേക്കും, പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കും മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി പണം കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം. 105/20 പ്രകാരം പി. എച്ച്.സിക്കു വേണ്ടി മരുന്ന് വാങ്ങുന്നതിനായി ബിൽ നം.25/21.12.19 പ്രകാരം നൽകിയ 200000/-രൂപയുടെ മരുന്നുകൾ (PRF 2905/02.12.19) നാളിതുവരെ ലഭ്യമായിട്ടില്ല.

2) പ്രോജക്ട് നം. 102/20 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നം.27/06.01.20 പ്രകാരം 463000/-രൂപ ( PRF 2744/26.11.19) നൽകിയിട്ടുണ്ട്. ഇതിൽ 183970/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 279030/-രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല.

3) പ്രോജക്ട് നം. 102/20 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നം.29/25.01.20പ്രകാരം 85100/-രൂപ നൽകിയിട്ടുണ്ട് (PRF 2904/02.12.19). ഇതിൽ 61197/-രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 23903/-രൂപയുടെ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

4) മെഡിക്കൽ ഓഫീസറുടെ ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ കെ.എം.സി.എല്ലിൽ നിന്നും ലഭ്യമാകുന്ന പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് മുൻകൂർ തുക നൽകുന്നത്. തുക ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കുന്നതാണെന്ന നിബന്ധനയിലാണ് മുൻകൂർ നൽകുന്നത്. എന്നാൽ പണം നൽകി ഒന്നര വർഷമായിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്തത് ഗുരുതര വീഴ്ചയായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/23.06.21 ന് ലഭ്യമാകാത്ത മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ കെ.എം.സി.എല്ലിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്ത 502933/-രൂപയുടെ (200000+279030+23903) ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ നടപടികൾ സ്വീകരിച്ച് മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തൽ വിനിയോഗവിവരം ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ - 266/2020

അടങ്കൽ തുക – 750000

ചെലവ് തുക – 726448

ഫണ്ടിനം - ധനകാര്യ കമ്മീഷൻ അവാർഡ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ആനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി നാഷണൽ ഹെൽത്ത് മിഷന് മേൽ പദ്ധതി പ്രകാരം 7,26,448/- രൂപ കൈമാറിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ ജില്ലാ പ്രോഗ്രാം മാനേജർക്കാണ് (Sanction Order 73/16.08.2019) തുക കൈമാറിയിട്ടുള്ളത്. മേൽ തുകയുടെ ധനവിനിയോഗ വിവരവും പഞ്ചായത്ത് ആസ്തിയിലേക്ക് ഉൾപ്പെടുത്താനുള്ള അധിക വിവരങ്ങളും നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലഭ്യമായിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പശ്ചാത്തല സൗകര്യ വികസനം- ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാകുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യം വച്ച് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവ്വഹണം നടത്താനുദ്ദേശിച്ച് 134 മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളിൽ 72 പ്രവൃത്തകൾ സ്പിൽ ഓവർ പദ്ധതികളാണ്. പുതിയ പദ്ധതികളിൽ 14 ഉം സ്പിൽ ഓവർ ഓവറുകളിൽ 44 പദ്ധതികളുമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആസൂത്രണം ചെയ്ത പദ്ധതികളുടെ 43 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം എന്നിവ വിലയിരുത്തിയാൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ്പിൽ ഓവർ പദ്ധതികൾ പൂർത്തിയാക്കിയില്ല.

മരാമത്ത് പ്രവൃത്തികൾക്കായി നീക്കിവച്ച തുകയുടെ (55868852) രൂപ 29 ശതമാനം തുക (16306991 രൂപ) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നീക്കിവച്ച വികസനഫണ്ടിന്റെ 54% തുകയും ചെലവഴിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് സഹായത്തോടെ നടപ്പിലാക്കാൻ ആസൂത്രണം ചെയ്ത ബഡ്സ് സ്കൂൾ, പകൽ വീട് എന്നിവയുടെ നിർമ്മാണം നടപ്പിലാക്കിയില്ല.

മേൽ പറഞ്ഞവയിൽ നിന്ന് ഒരു പ്രാദേശിക സർക്കാരിന്റെ പശ്ചാത്തല വികസന കാഴ്ച്ചപ്പാടിന് സഹായകമാകുന്ന തരത്തിൽ എൻജിനീയറിംഗ് വിഭാഗത്തിന് പ്രവൃത്തിക്കാൻ കഴിയാതെ പോകുന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

## 1-26 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിൽ ഗവ.ആനാട് എൽ.പി.എസ്-ന്റെ നവീകരണവും, ഗവ.രാമപുരം യു.പി.എസ്-ന്റെ നവീകരണവും ഏറ്റെടുത്ത ഗുണഭോക്തൃ സമിതികൾ അസി.എഞ്ചിനീയുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിലെ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. കരാറിലെ രണ്ടാം നമ്പർ വ്യവസ്ഥ പ്രകാരം പ്രവൃത്തി മുഴുവനായോ ഭാഗികമായോ ഏതെങ്കിലും കോൺട്രാക്ടറെയോ ബിനാമിയെയോ ഏൽപിക്കുവാൻ പാടില്ലാത്തതാണ്.

ഗവ.ആനാട് എൽ.പി.എസ്-ന്റെ നവീകരണ പ്രവൃത്തികളിലെ സിവിൽ വർക്ക്, പെയിന്റിംഗ്, റൂഫിംഗ്, മറ്റുപല വേലകൾ എന്നിങ്ങനെ തിരിച്ച് ക്വട്ടേഷൻ വിളിച്ച് പ്രവൃത്തികൾ മറ്റുള്ളവരെ ഏൽപിച്ച് പൂർത്തിയാക്കിയതായി സമിതിയുടെ കമ്മിറ്റി മിനിട്ട്സ് രേഖകൾ വ്യക്തമാക്കുന്നുണ്ട്. ഇതുപോലെ രാമപുരം യു.പി.എസ്-ലെ പ്രവൃത്തികളിൽ റൂഫിംഗ് പ്രവൃത്തി ക്വട്ടേഷൻ മുഖാന്തിരം മറ്റൊരാളെ ഏൽപിച്ചാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇത് നിയമപരമല്ല.

നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സാമ്പത്തിക ശേഷിയും സാങ്കേതിക വിദഗ്ദരുടെ സേവനവും ലഭ്യമാകുന്ന കമ്മിറ്റികളാണ് ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ ഇത്തരം വിലയിരുത്തലുകളോ, ഗുണഭോക്തൃ സമിതിക്ക് ആവശ്യമായ നിർദ്ദേശങ്ങളോ നൽകുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗവും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇടപെടലുകൾ നടത്തിയിട്ടില്ല. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-27 സർക്കാർ ഉത്തരവുകൾക്കനുസരിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിനായുള്ള വാഹനത്തിന്റെ ഉപയോഗം ക്രമപ്പെടുത്തണം.</u>

2019-20 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള LSGD അസി.എഞ്ചിനീയർ, നിർവ്വഹണം നടത്തുന്ന പ്രോജക്ട് നമ്പർ.252 – LSGD-യ്ക്ക് വാഹന സൗകര്യം ഒരുക്കൽ എന്ന പദ്ധതിയ്ക്ക് ആധാരമായിട്ടുള്ളത് 14.03.2018-ലെ സ.ഉ(സാധാ) നം.690/2018/Lsgd എന്ന ഉത്തരവാണ്. ഈ ഉത്തരവ് പ്രകാരം എൻജിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതു പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ LSGD-യ്ക്ക് വാഹനം വാടകയ്ക്ക് എടുത്ത് നൽകി വരുന്നുണ്ട്. എന്നാൽ ടി വാഹനം സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിന്റെ പൊതുവായ ആവശ്യത്തിനും, വി.ഇ.ഒ-യ്ക്കും കൂടി ഉപയോഗിക്കുവാൻ 04.09.2019-ലെ സാധാരണ മീറ്റിംഗിലെ 6(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന വാടക കരാർ പ്രകാരം 1200 KM എന്ന ദൂരപരിധി കഴിഞ്ഞിട്ടുള്ള ഓരോ കിലോമീറ്ററിനും 12 രൂപ എന്ന നിരക്കിൽ നൽകുന്നുണ്ട്.

സർക്കാർ ഉത്തരവിനെ തെറ്റായി വ്യാഖ്യാനിച്ച് സ്ഥിരം യാത്രാപ്പടി (P.T.A) ശമ്പളത്തോടൊപ്പം വാങ്ങുന്ന ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് യാത്രാ സൗകര്യം ഒരുക്കുന്നതും പൊതുവായ ആവശ്യങ്ങൾക്ക് സ്ഥിരം സംവിധാനത്തോടൊപ്പം മറ്റൊരു വാഹനം കൂടി ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശം ഇല്ലാത്ത സാഹചര്യവും വിലയിരുത്തുവാൻ സെക്രട്ടറി ഭരണസമിതിക്ക് നിർദ്ദേശം നൽകേണ്ടതും കൈക്കൊള്ളുന്ന തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## <u>1-28 വനിതകളുടെ കൂട്ടായ്മക്ക് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ലംഘിച്ചു തുക നൽകി-150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട് നമ്പർ - 114/2020

പ്രോജക്ടിന്റെ പേര് - പേപ്പർ ക്യാരി ബാഗ് - തുണി സഞ്ചി നിർമ്മാണ യൂണിറ്റ് (വനിത)

അടങ്കൽ തുക – 4,50,000

ചെലവ് തുക – 3,00,000

ഫണ്ട് ഇനം - 3,20,000 (വികസനഫണ്ട്), 130000 (തനത് ഫണ്ട്)

ബിൽ നമ്പർ - 9/2019, തീയതി 13.03.2020

അഞ്ചുപേരടങ്ങുന്ന വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനു സഹായകമാകുന്ന പദ്ധതിയാണിത്. വായ്പാ ബന്ധിത പ്രോജക്ട് ആണ്. സബ്സിഡിയായി പ്രാരംഭ മുടക്കുമുതലിനായി വേണ്ട വായ്പയുടെ 50% തുക നൽകാവുന്നതാണ്. മേൽ പദ്ധതിയുടെ നിർവ്വഹണ ഫയലിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- സംരംഭത്തിന് ആവശ്യമായ മുടക്കു മുതൽ 1,50,000/- രൂപയാണെന്ന് ഗ്രൂപ്പുകൾ പ്രോജക്ട് റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുകയും ഇതിനാവശ്യമായ തുക ബാങ്കിൽ നിന്ന് വായ്പയായി ലഭ്യമായതിന്റെ രേഖകളും ഹാജരാക്കിയിട്ടും സബ്സിഡിയായി മുടക്കു മുതലിന്റെ 100% തുക നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

- സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ അല്ലെന്ന് ഉറപ്പാക്കിയിട്ടില്ല.
- ബാക്ക് എൻഡ് സബ്സിഡിയായി നൽകേണ്ട സബ്സിഡി തുക ലോൺ തിരിച്ചടവിന് ഉപയോഗപ്പെടുത്തിയതായുള്ള ബാങ്ക് രേഖകൾ ഹാജരാക്കിയില്ല.
- മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.17-ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ കുടുംബശ്രീ ഗ്രൂപ്പുകളായ ഗുരുകൃപ, പവിഴം എന്നീ ജനറൽ വിഭാഗത്തിലുള്ള ഗ്രൂപ്പുകൾക്ക് അധികമായി നൽകിയ 1,50,000/- രൂപയുടെ ചെലവ് അപാകതകൾക്കുള്ള വ്യക്തമായ മറുപടി ലഭിക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 1-29 തെരുവ് വിളക്കുകൾ-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

സർക്കുലർ നം.65529/ഡി.സി3/12 തീയതി 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. തൻവർഷത്തെ ചെലവ് വൌച്ചറുകൾ പരിശോധിച്ചതിൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഡിമാന്റ് പ്രകാരം 4/19ൽ 118412/-രൂപ, 8/19ൽ 128264/-രൂപ, 9/19ൽ 130227/-രൂപ, 10/19ൽ 131055/-രൂപ എന്നിങ്ങനെ ഓരോ മാസവും വ്യത്യസ്ത തുകകൾ അടച്ച വരുന്നു. ഇത് സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.8) പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലായെന്നും, കറന്റ് ചാർജിനു രജിസ്റ്റർ പരിപാലിക്കുന്നില്ലായെന്നും മറുപടി ലഭിച്ചു. പഞ്ചായത്ത് ഫണ്ടിന്റെ ചോർച്ച തടയുന്നതിന് ദൈനംദിന ചെലവുകൾ ക്രമീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിനും, കറന്റ് ചാർജ് രജിസ്റ്റർ പരിപാലിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കംപോസ്റ്റ് പിറ്റ് നിർമാണം - തനതുഫണ്ട് റീക്കൂപ്പ് ചെയ്തിട്ടില്ല

കംപോസ്റ്റ് പിറ്റ് നിർമ്മാണത്തിനായി അസി.എഞ്ചിനിയർക്ക് വൌ.നം. 21900048/06-04-19 പ്രകാരം 43363/-രൂപ മുൻകൂർ നല്കിയിട്ടുണ്ട്. ആയുർവേദ ആശുപത്രിയിലും, പി.എച്ച്.സിയിലും കംപോസ്റ്റ് പിറ്റും കമ്മ്യൂണിറ്റി സോക്ക് പിറ്റും നിർമിക്കുന്നതിന് ശുചിത്വ മിഷന്റെ 10-07-19ലെ 430/DSMTVPM/2018 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ശുചിത്വ മിഷന്റെ ഫണ്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ തനതു ഫണ്ടിൽ നിന്നും തുക കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനും ശുചിത്വ മിഷൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പദ്ധതിയുടെ ചെലവ് തുക തനതുഫണ്ടിൽ റീക്കൂപ്പ് ചെയ്യുന്നതിനും 24-07-19ലെ 11ാം നമ്പർ ജനറൽ കമ്മറ്റി മിനിട്ട്സ് പ്രകാരം LSGD AEയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.22ന് പ്രസ്തുത പ്രവർത്തിക്കായി (പ്രോ.നം.266/20) 726448/-രൂപ NHM ജില്ലാ പ്രോഗ്രാം മാനേജർക്ക് കൈമാറിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയുടെ ഫയൽ തിരികെ ലഭിച്ചിട്ടില്ലായെന്നും AEയുടെ മറുപടി ലഭിച്ചു. ആയതിനാൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ഫയൽ ലഭ്യമാക്കി തനതുഫണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ അടയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 18-6-21 മുതൽ 28.6.21.വരെ | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള പ്രോജക്ടിന്റെ വിവരം | സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം തൻ വർഷം ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2019-20 | ലൈഫ് -ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(ജനറൽ) | 1674490 |
| | | ഹരിതകേരളം(ഹരിതഭവനം) | 6600 |
| | | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 260625 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | ലൈഫ് -ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(ജനറൽ) | 1581151 |
| | | ക്ഷീരസമൃദ്ധി-പാലിന സബ്സിഡി | 100595 |
| | | പാലിയേറ്റീവ് കെയർ | 99800 |
| | | സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 72500 |

ഗ്രാപഞ്ചായത്ത് സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുടെ വിശദാംശമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ലഭ്യമല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു. ( കെ.യു.ആർ.ഡി.എഫ്.സി ലോണിന്റെ തിരിച്ചടവ് വിവരം , നീക്കിയിരിപ്പിന്റെ വിശദാംശം എന്നിവ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ ആധികാരികത ഉറപ്പാക്കാനാകാത്ത സാഹചര്യത്തിൽ ആയതിന്റെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ബാക്കി ഉണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC ഇ.എം.എസ് ഭവന വായപ | സ.ഉ.(ആർ.ടി) നം.429/2010/ തസ്വഭവ തീയതി 6.2.10 | | 29354595<br>1484653 | | -<br>1484653 | 42509766<br>(As Per B5 Schedule |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 137424222 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103856189 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2462311 |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 181828 | ശ്രീ.കെ.വി.സുരേഷ്, സെക്രട്ടറി |
| 1-21 | 1600000 | ശ്രീ.വിജയൻ നായർ, ഹെഡ്മാസ്റ്റർ |
| 1-22 | 27550 | ശ്രീ.കെ.വി.സുരേഷ്, സെക്രട്ടറി |
| 1-23 | 502933 | ഡോ.മനോജ്കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-28 | 150000 | ശ്രീമതി ബീന സി.പി., അസി.സെക്രട്ടറി |

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.വി.സുരേഷ്, സെക്രട്ടറി | സെക്രട്ടറി, ആനാട് ഗ്രാ.പ. | |
| ശ്രീ.വിജയൻനായർ, ഹെഡ്മാസ്റ്റർ (വിരമിച്ചു) | ഹെഡ്മാസ്റ്റർ | |
| ഡോ.മനോജ്കുമാർ, മെഡിക്കൽ ഓഫീസർ, FHC | മെഡിക്കൽ ഓഫീസർ, PHC, ആനാട് ഗ്രാ.പ. | |
| ശ്രീമതി ബീന സി.പി., അസി.സെക്രട്ടറി | അസി.സെക്രട്ടറി, ആനാട് ഗ്രാ.പ. | |

(ഇ) <u>ഭരണതല നടപടിക്കു ശുപാർശ ചെയ്ത ഖണ്ഡികകളുടെ വിവരം</u>
ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/977/2018 തീയതി.4.6.18 | 1 |
| 2001-02 | | 2 |
| 2002-03 | | 3 |
| 2003-04 | | 1 |
| 2005-06 | | 2 |
| 2006-07 | | 2 |
| 2007-08 | | 1 |
| 2009-2010 | | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1040/2018 തീയതി.5.6.18 | 5 |
| 2011-12 | | 8 |
| 2012-13 | | 6 |
| 2013-14 | | 5 |
| 2014-15 | | 8 |
| 2015-16 | | 13 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1714/2017 തീയതി.11.8.17 | 12 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2251/2018 തീയതി.1.7.19 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/93/2020 തീയതി 10/03/2020 | 12 |

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്